# Virtual Summit between Prime Minister NarendraModi and Prime Minister Scott Morrison of Australia on 4th June 2020

June 03, 2020

## പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട്ട് മോറിസണും തമ്മിലുള്ള വിർച്ചൽ ഉച്ചകോടി 2020 ജൂൺ 4 ന്.

ജൂൺ 03, 2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും ഓസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട്ട് മോറിസണുമായുള്ള ഇന്ത്യ -ഓസ്ട്രേലിയ വിർച്ചൽ ഉച്ചകോടി 2020 ജൂൺ 4 ന് നടത്തുന്നു. ഓസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട്ട് മോറിസണിന്റെ ഈ വർഷത്തെ ഇന്ത്യൻ സന്ദർശനത്തിനായുള്ള തിയ്യതികൾ തീരുമാനിച്ചിരുന്നു, എന്നാൽ അത് നടത്താൻ സാധിക്കുകയുണ്ടായില്ല. അതിനാൽ തന്നെ 'വിർച്ചൽ ഉച്ചകോടി 'സംഘടിപ്പിക്കുന്നതിനായി തീരുമാനിക്കുകയായിരുന്നു. ഇതാദ്യമായാണ് പ്രധാനമന്ത്രി നരേന്ദ്ര മോഡി "ഉഭയകക്ഷി വിർച്ചൽ ഉച്ചകോടി" നടത്തുന്നത്, ഇത് ഓസ്ട്രേലിയയുമായുള്ള ബന്ധങ്ങൾ ശക്തിപ്പെടുന്നതിന്റെ സൂചനയാണ്.

2. ഇരു പ്രധാനമന്ത്രിമാരും തമ്മിൽ 2020 ഏപ്രിൽ 6 ന് നടത്തിയ ടെലിഫോൺ സംഭാഷണത്തിൽ ,ഇരു രാജ്യങ്ങളിലും കുടുങ്ങിപ്പോയ പൗരന്മാർക്ക് പരസ്പരം നൽകുന്ന സൗകര്യങ്ങളും പിന്തുണയും ഉൾപ്പടെ, തുടർന്ന് കൊണ്ടിരിക്കുന്ന കോവിഡ്-19 സാഹചര്യങ്ങളെക്കുറിച്ചു ചർച്ച ചെയ്തു. രണ്ടു രാജ്യങ്ങളിലൂടെ ബന്ധത്തിൽ ഗണ്യമായ സംഭാവന നൽകിയ ഇന്ത്യയിൽ നിന്നും ഓസ്ട്രേലിയയിൽ എത്തിയവരായിരുന്നു. ടെലിഫോൺ സംഭാഷണത്തിനിടയിൽ, ഇന്ത്യൻ വിദ്യാർഥികൾ ഉളപ്പടെയുള്ള ഇന്ത്യൻ സമൂഹം ഓസ്ട്രേലിയൻ സമൂഹത്തിന്റെ ക്രിയാത്മകമായ ഭാഗമായി വിലമതിക്കുന്നുവെന്നു പ്രധാനമന്ത്രി സ്കോട്ട് മോറിസൺ പറഞ്ഞു.

3. ഇന്ത്യയും ഓസ്ട്രേലിയയും ഊഴമളവും സൗഹാര്ദപരവുമായ ബന്ധമാണുള്ളത്, അത് ദിവസംപ്രതി വികസിക്കുകയും വളരുകയും ചെയ്യുന്നു.

4. ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധം ശക്തിപ്പെട്ടത് 2014 ലാണ്- 2014 സെപ്റ്റംബറിൽ ഓസ്ട്രേലിയൻ പ്രസിഡണ്ട് ടോണി അബ്ബോട്ടിന്റെ ഇന്ത്യൻ സന്ദർശനത്തെയും 2014 സെപ്റ്റംബറിൽ പ്രധാനമന്ത്രി മോദിയുടെ ഓസ്ട്രേലിയൻ സന്ദർശനത്തെയും തുടർന്നായിരുന്നു ഇത്.2014 നവംബറിലെ പ്രധാനമന്ത്രി മോദിയുടെ ഓസ്ട്രേലിയൻ സന്ദര്ശനത്തെത്തുടർന്നു ഒപ്പു വായിച്ച ഫ്രെയിംവർക്ക് ഫോർ സെക്യൂരിറ്റി കോർപറേഷൻ ഇരു രാജ്യങ്ങളും തമ്മിലുള്ള വിദേശ, പ്രതിരോധ, സുരക്ഷാ നയങ്ങൾ കൈമാറ്റം ചെയ്യുന്നതിന് അടിത്തറപാകിയിരുന്നു. അന്ന് മുതൽ സ്ഥിരമായ സമ്മേളനങ്ങളും ഔദ്യോഗിക ചർച്ചകളും നടന്നു വരുന്നു.

5. ഉന്നതതല ഇടപാടുകളും തുടർന്ന് വന്നു. 2017 ഏപ്രിലിൽ പ്രധാനമന്ത്രിയായ മാൽകോം ടേൺബെൽ ഇന്ത്യ സന്ദർശിച്ചിരുന്നു; അന്താരാഷ്ട്ര സോളാർ അലയന്സിന്റെ സ്ഥാപക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി ഓസ്‌ട്രേലിയൻ ഗവർണർ ജനറൽ ഹ്രംഫ്രേ മാർച്ചിൽ ഇന്ത്യ സന്ദർശിച്ചിരുന്നു കൂടാതെ 2018 നവംബറിൽ രാഷ്ട്രപതി ഓസ്‌ട്രേലിയയിലേക്ക് ചരിത്രപ്രധാനമായ സന്ദർശനം നടത്തിയിരുന്നു. കഴിഞ്ഞ ഒന്നര വർഷങ്ങൾക്കിടയിൽ പ്രധാനമന്ത്രി മോദിയും പ്രധാനമന്ത്രിയോ മോറിസണും നാല് തവണ കൂടിക്കാഴ്ച്ച നടത്തിയിരുന്നു. – സിംഗപ്പൂരിൽ നടന്ന EAS (14 നവംബർ 2018), ഒസാക്കയിൽ നടന്ന G20 (29 ജൂൺ 2019), ബിയാർറ്റിസിൽ നടന്ന G7 ഉച്ചകോടി (25 ഓഗസ്റ്റ് 2019) കൂടാതെ ബാങ്കോക്കിൽ നടന്ന EAS (04 നവംബർ 2019) എന്നിവയുടെ പശ്ചാത്തലത്തിലായിരുന്നു കൂടിക്കാഴ്ചകൾ.

6. സാമ്പത്തിക ഇടപാടുകളും വളർന്നു കൊണ്ടിരിക്കുന്നു. 2018 -19 കാലഘട്ടത്തിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യവസായങ്ങളും ഏകദേശം 21 ബില്യൺ അമേരിക്കൻ ഡോളറായിരുന്നു. ഇന്ത്യയിലെ ഓസ്‌ട്രേലിയയുടെ മൊത്തനിക്ഷേപം ഏകദേശം 10.74 ബില്യൺ ഡോളറുകളും ഓസ്‌ട്രേലിയയിലെ ഇന്ത്യൻ നിക്ഷേപം ഏകദേശം 10.45 ബില്യൺ ഡോളറുകളുമാണ്. ഇന്ത്യയുടെ ദേശീയ നിക്ഷേപം നിർമാണ ഫണ്ട് എന്നിവയിലേക്ക് ഓസ്‌ട്രേലിയൻ സൂപ്പർ പെൻഷൻ ഫണ്ട് 1 ബില്യൺ ഡോളറാണ് നിക്ഷേപിച്ചിരിക്കുന്നത്. ഇരു രാജ്യങ്ങളും പരസ്പരം നിക്ഷേപങ്ങളും വ്യവസായങ്ങളും ഉയർത്തുന്നതിന് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

7. രണ്ടു ജനാധിപത്യ രാജ്യങ്ങൾ എന്ന നിലയിൽ, ഇന്ത്യയും ഓസ്‌ട്രേലിയയും പ്രാദേശികവും ആഗോളവുമായയുള്ള പ്രശ്നങ്ങളെ സംബന്ധിച്ചുള്ള കാഴ്ചപ്പാടുകളിൽ പരസ്പരധാരണ പുലർത്തുന്നു.ഞങ്ങൾ സ്വതന്ത്രവും സുതാര്യവും സമഗ്രവും സമൃദ്ധവുമായ ഇൻഡോ -പസഫിക് പ്രവിശ്യക്കായുള്ള സമീപനം പങ്കു വയ്ക്കുന്നു.
8. ഇന്ത്യയുടെ ആഗോള സംരംഭങ്ങളായ ISA, CDRI കൂടാതെ ഇൻഡോ-പസിഫിക് ഓഷ്യൻസ് ഇനിഷ്യേറ്റിവ്(IPOI) എന്നിവയെ ഓസ്‌ട്രേലിയ പിന്തുണച്ചു. വികസിതമായ ഐക്യരാഷ്ട്ര സുരക്ഷാ കൗൺസിലിലെ ഇന്ത്യയുടെ അംഗത്വത്തെ ഓസ്‌ട്രേലിയ പിന്തുണയ്ച്ചു. അടുത്തിടെ ഓസ്‌ട്രേലിയ ഗ്രൂപ്പിലെയും വാസ്സനെർ ഉടമ്പടിയിലെയും പങ്കാളിത്തത്തെയും NSG യിലെ അംഗത്വത്തെയും ഓസ്‌ട്രേലിയ പിന്തുണച്ചിരുന്നു.

9. ഇന്ത്യയും ഓസ്‌ട്രേലിയയും തമ്മിലുള്ള ബന്ധങ്ങൾ വളരുന്നതിന്റെ പശ്ചാത്തലത്തിൽ, ബന്ധത്തിന്റെ വിശാലമായ ചട്ടക്കൂട് അവലോകനം ചെയ്യാനും കോവിഡ് -19 പകർച്ചവ്യാധിയോടുള്ള തങ്ങളുടെ പ്രതികരണങ്ങൾ ചർച്ച ചെയ്യാനുമുള്ള അവസരമായിരുന്നു ഇരു നേതാക്കൾക്കും വിർച്വൽ ഉച്ചകോടി.

**ന്യൂ ഡൽഹി**
**03 ജൂൺ, 2020**

**DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**